# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3393**

**23.06.2014- ൽ മറുപടിക്ക്**

## പൊന്നാനി കാർഗോ പോർട്ടിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ശ്രീരാമകൃഷ്ണൻ :** | **ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) പൊന്നാനി കാർഗോപോർട്ടിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) പൊന്നാനി തുറമുഖം വികസിപ്പിക്കുന്നതിന് മെസ്സേഴ്സ് മലബാർ പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സർക്കാർ അനുമതി നൽകുകയുണ്ടായി.<br>തുറമുഖ നിർമ്മാണത്തിനുദ്ദേശിക്കുന്ന 29.3 ഏക്കർ സർക്കാർ വക പുറമ്പോക്ക് ഭൂമി മലബാർ പോർട്ട്സിന് ലീസിന് നൽകുന്നതിന് സർവ്വേ പൂർത്തിയാക്കി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ടി സ്ഥലത്തിന്റെ സർവ്വേ നമ്പർ ചേർത്ത് സ്കെച്ച് ലഭിച്ചെങ്കിൽ മാത്രമേ പ്രസ്തുത ഭൂമി മലബാർ പോർട്ടിന് ലീസിന് നൽകുന്നതിനുള്ള നടപടി പൂർത്തിയാക്കുവാൻ കഴിയുകയുള്ളൂ. ഈ ഭൂമി പുലിമുട്ടുകളുടെ നിർമ്മാണം മൂലം രൂപപ്പെട്ടതായതിനാൽ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതുൾപ്പടെയുള്ള നടപടിക്രമങ്ങൾ പാലിച്ചതിനു ശേഷം മാത്രമേ സർവ്വേ നമ്പർ നൽകുവാൻ സാധിക്കുകയുള്ളൂ. ഇതു സംബന്ധിച്ചുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ടെണ്ടർ ലഭിച്ച കമ്പനിയുമായി കരാർ വച്ചിട്ടുണ്ടോയെന്നും പ്രസ്തുത കമ്പനിക്ക് ഭൂമി കൈമാറിയിട്ടുണ്ടോ യെന്നും വ്യക്തമാക്കുമോ; | (ബി) ടെൻഡർ ലഭിച്ച കമ്പനിയുമായി കൺസഷൻ എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. ഭൂമി കൈമാറിയിട്ടില്ല. |
| (സി) പ്രസ്തുത കമ്പനിയുമായി പാട്ടക്കരാർ ഒപ്പു വച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) പാട്ടക്കരാർ ഒപ്പു വച്ചിട്ടില്ല. |
| (ഡി) എത്ര ഏക്കർ കരഭൂമിയാണ് കമ്പനിക്ക് വിട്ടുനൽകുന്നത് എന്ന് വിശദമാക്കുമോ; | (ഡി) 29.3 ഏക്കർ ഭൂമിയാണ് വിട്ടുനൽകുവാൻ ഉദ്ദേശിക്കുന്നത്. |
| (ഇ) തുറമുഖത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നേക്കു തുടങ്ങാനാകുമെന്ന് വിശദമാക്കാമോ? | (ഇ) തുറമുഖ വികസനത്തിനുദ്ദേശിച്ചിട്ടുള്ള 29.3 ഏക്കർ ഭൂമി മലബാർ പോർട്ടിന് നൽകുന്നതിലേയ്ക്കായി ടി കമ്പനിയുമായി ലീസ് എഗ്രിമെന്റിൽ ഏർപ്പെട്ടതിനു ശേഷം മൂന്ന് മാസത്തിനുള്ളിൽ പ്രവൃത്തി തുടങ്ങാനാകും |

സെക്ഷൻ ഓഫീസർ